# തനിമ

സി ബി എച്ച് എസ് സ്കൂൾ
വള്ളിക്കുന്ന്

ഡിജിറ്റൽ മാഗസിൻ 2024

പ്രിയ സൗഹൃദങ്ങളെ,

സി.ബി.ഹയർ സെക്കൻഡറി സ്കൂൾ
വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂട്ടായ്മയിൽ
ഒരു ഡിജിറ്റൽ മാഗസിൻ പിറവിയെടുത്തതിലുള്ള
സന്തോഷം നിങ്ങളുമായി പങ്കുവയ്ക്കട്ടെ !

ഈ അധ്യയന വർഷത്തെ സ്കൂൾ സ്പന്ദനങ്ങൾ
തൊട്ടറിയുന്നതിനും, വിദ്യാർത്ഥികളുടെയും
അധ്യാപകരുടേയും, സർഗ്ഗവാസനകൾ
പരിപോഷിപ്പിക്കുന്നതിനും ഈ മാഗസിൻ
ഒരു നിമിത്തമായെങ്കിൽ എന്നാശിക്കുന്നു.
കെട്ടിലും മട്ടിലും ഏറെപുതുമകൾ ഉണ്ടെന്ന്
അവകാശപ്പെടുന്നില്ല...... സമയപരിമിതിയും മറ്റും
പ്രതീക്ഷയ്ക്കൊത്തുയരാൻ
തടസ്സമായിട്ടുണ്ടെന്നുമറിയാം....... എങ്കിലും ഏറെ
പ്രതീക്ഷയോടെ.....

നിങ്ങളുടെ മുൻപിൽ സാദരം സമർപ്പിക്കട്ടെ ....

# ഉള്ളടക്കം


* വയനാടിന്റെ മണ്ണിൽ

* സഞ്ചാരി

* പ്രതീക്ഷ

* ശാസ്ത്രം ഇന്ത്യയിൽ

* അതിർത്തിയുടെ സ്മൃതികൾ

* പ്രളയം

* പിറവി

* പ്രകൃതിയിലെ ഗണിതം

* അതിർത്തികൾ പറയുന്നത്

* മടക്കയാത്ര

* നന്ദി



# വയനാടിന്റെ മണ്ണിൽ

നേരത്തെ തീരുമാനിച്ചതുപോലെ ആറുമണിക്ക് തന്നെ യാത്ര വയനാട്ടിലേക്ക് പുറപ്പെട്ടു. അധ്യാപകരും സയൻസ് ക്ലബ് അംഗങ്ങളും. കനോലി കനാലും പുഴകളും റബ്ബർ തോട്ടങ്ങളും താണ്ടി പോയി. ഞങ്ങൾ ചുരം കയറാൻ തുടങ്ങി. ഹെയർപിൻ വളവുകൾ യാത്ര രസകരമായിരുന്നു. പ്രകൃതി മനോഹരി തന്നെ. താഴെ അഗാധത്തിലേക്ക് കുന്നുകളും തേയില തോട്ടങ്ങളും താണ്ടി മുകളിലേക്ക് ഭീതി പടർത്തുന്ന വൃക്ഷങ്ങളും ഊഞ്ഞാൽപോൽ വള്ളികളും ഹരിതഭംഗി ഞങ്ങൾ ക്യാമറയിൽ പകർത്തി. പിന്നെ ഞങ്ങൾ സൂചിപ്പാറയിലേക്ക് പോയി. വയനാടിന്റെ ഭംഗി അതിമനോഹരം തന്നെ വെള്ളച്ചാട്ടവും പ്രകൃതിരമണീയതയും കൺ കുളിർന്നു പോയി.

പിന്നീട് അമ്പലവയലിലേക്ക് തിരിച്ചു. അവിടെ നടന്നുകൊണ്ട് ചെടികൾ വാങ്ങി. ഞങ്ങൾ ചെടികൾ ശേഖരിച്ചു. പിന്നെ ഇടയ്ക്കൽ ഗുഹയിലേക്ക് ആയിരുന്നു യാത്ര. പ്രകൃതിയുടെ പടവുകൾ ചവിട്ടി കയറി ഞങ്ങൾ ഗുഹയിലെത്തി. സമുദ്രനിരപ്പിൽ നിന്ന് 4000 അടി ഉയരത്തിലാണ് പ്രാചീനശിലായുഗത്തിലെ ആളുകൾ താമസിച്ചിരുന്നത്. ഗുഹയിൽ നല്ല തണുപ്പ്. ശിലാലിഖിതങ്ങൾ കാണാം. പോകുന്ന വഴി ഞങ്ങൾ പൂക്കോട് തടാകവും സന്ദർശിച്ചു. ഔഷധ ചെടികളുടെ ശേഖരണം നടത്തി. കോഴിക്കോട് എത്തിയപ്പോൾ ആരോഗ്യ വിദ്യാഭ്യാസ പ്രദർശനം നടക്കുന്നുണ്ടായിരുന്നു. സ്വപ്നനഗരിയുടെ ആ പ്രദർശനം അറിവിന്റെ ഭണ്ഡാരമായിരുന്ന ശേഷം ഒരു ബോട്ട് യാത്രയും, യാത്ര അർത്ഥപൂർണ്ണമായി വിനോദയാത്ര മാത്രമല്ല ഒരു പഠനയാത്ര തന്നെയായി. ഏഴുമണിക്ക് ഞങ്ങൾ തിരിച്ചെത്തി.

ദേവിക അമ്പാളി

10 E





# സഞ്ചാരി

ഞാൻ രശ്മി സൂര്യനിൽ നിന്ന് പാഞ്ഞു വരുന്ന വഴിക്ക് ഭ്രൂമിയിലെ ഒരു ഇലയുടെ പുറത്ത് ചെന്നു വീണു ഹൃദ്യമായ സ്വീകരണം കണ്ടപ്പോൾ ഇവയെ എന്നെ കാത്തിരിക്കുകയാണെന്ന് തോന്നിപ്പോയി. ആ പച്ച പെണ്ണ് ഉറക്കമുണർന്നു. പച്ചിലുകൾക്കുള്ളിൽ ഉള്ള കാഴ്ചകൾ എന്നെ ആവേശം കൊള്ളിച്ചു. ഞാൻ എല്ലാം ഓടി നടന്നു കണ്ടു. അത് ഒരു മന്ത്രവാദി കോട്ടയാണ് എന്ന് എനിക്ക് ഉടൻ മനസ്സിലായി. അവിടെ വെച്ച് എന്തൊക്കെയോ മാറ്റങ്ങൾ എന്നെ ആവേശിക്കുന്നുണ്ടെന്നും ഞാൻ പതുക്കെ രൂപം മാറാൻ തുടങ്ങി. എനിക്ക് ചില ബന്ധുക്കളെയും കിട്ടി. കാർബൺ ഹൈഡ്രജൻ എന്നിവയായിരുന്നു അവർ എന്റെ ശക്തികൊണ്ട് ഞാൻ അവരെ ഒരുമിപ്പിച്ചു.

ഞാൻ ഇങ്ങനെ മാറിയതിന് പിന്നിൽ ആ പച്ച കോട്ടയുടെ സഹായം ഉണ്ടായിരുന്നു. പുതിയ വേഷവും രൂപവും കൈ വന്നിട്ടും ഞാൻ എന്റെ സഞ്ചാരം നിർത്തിയില്ല. ഞാനൊരു കുട്ടിയല്ല. അമ്മച്ചീടികുള്ളിൽ നിർബാധ ഓടിനടക്കാൻ എനിക്ക് അനുവാദം കിട്ടി. വേര് മുതൽ എല്ലാ ഭാഗവും കണ്ടു കഴിഞ്ഞപ്പോഴായിരുന്നു അതൊരു മധുരക്കിഴങ്ങ് ചെടിയാണെന്ന് മനസ്സിലായത്. അമ്മച്ചിക്കുള്ളിലെ യാത്രാപഥവും ഞാൻ നന്നായി ആഘോഷിച്ചു. ഈ മൂന്നുനാൾ അന്തരീക്ഷത്തിലൂടെയാണല്ലോ ഞാൻ പറഞ്ഞത് ലക്ഷ്മിയുമായി കാറ്റുമായി തിരമാലയും ആയി കൂട്ടിച്ചേർന്ന് ഞാനിപ്പോൾ ജീവന്റെ ഉള്ളിലാണ് സഞ്ചരിക്കുന്നത് എനിക്ക് പഴയതുപോലെ ഓടിച്ചാണ് പറ്റാതെയായി ചങ്ങാതിമാരുമായി കൂടിയ കുറെയധികം ഗ്ലൂക്കോസുകൾ എന്റെ മേൽ ഒട്ടിപ്പിടിച്ചു ഭാരം കൂടിയതാണ് കാരണം അങ്ങനെ എനിക്ക് ഒരിക്കൽ കൂടി പേര് മാറ്റേണ്ടിവന്നു അന്നജമായി ഞാൻ ചെടിയുടെ വേരിൽ അടിഞ്ഞു തീരെ അനങ്ങാൻ പറ്റാതെയായി. മണ്ണിനുള്ളിലെ ജയിൽ ജീവിതം എത്ര വിരസമാണ് പുറംലോകം കാണാൻ എനിക്ക് കൊതിയായി.



ഞാൻ ഇപ്പോൾ മധുരക്കിഴങ്ങ് നല്ല പേരല്ലേ ചിലരൊക്കെ എന്നെ ചീനികിഴങ്ങ് എന്നും വിളിക്കാറുണ്ട്. ഒരു തണുത്ത രാത്രി എന്റെ തൊട്ടരികിൽ വല്ലാത്ത ഒരു ഇളക്കം. മണ്ണിനിടയിലൂടെ ഒരു എലി തുറന്നു വരുന്നതിന്റെ ബഹളമായിരുന്നു. എനിക്ക് ഭയമായി ഒപ്പം വല്ലാത്ത അനിഷ്ടവും ആക്രാന്തം പിടിച്ച ഒരു പെരുച്ചാഴിക്ക് തീറ്റയാവുകയാണ് എന്റെ യോഗം.

എന്നെ പരിപാലിച്ച കൃഷിക്കാരൻ എത്ര ശ്രദ്ധയോടെയാണ് എന്നെ പോറ്റിയത് വളം തന്നു കളകൾ മാറ്റി ഇടയിളക്കി അമ്മ ചെടിക്ക് വേരുപിടിക്കാൻ അയാളും കുഞ്ഞുമക്കളും ചേർന്നാണ് വേനൽക്കാലത്ത് നനച്ചത്. ഞാനെന്തു ചെയ്യാനാണ് കണ്ണുകൾ അടച്ചിരുന്നു ഭാഗ്യം എലി എന്നെ തൊടാതെ പോയി അല്ലെങ്കിൽ ഈ കഥ പറയാൻ ഞാൻ ഉണ്ടാകുമായിരുന്നില്ല. മണ്ണിലായിരുന്നു കുറച്ച് കാലം കൊണ്ട് എന്റെ ദേഹം ഉരുണ്ട് വന്നു ഞാൻ ലക്ഷ്മിയായിരുന്നു ഗ്ലൂക്കോസ് ആയിരുന്നു എന്ന് പറയാൻ എനിക്ക് തന്നെ നാണക്കേടായി. ആര് വിശ്വസിക്കാൻ ഒടുവിൽ ഞാൻ മണ്ണിനു പുറത്തിറങ്ങി .

കൃഷിക്കാരൻ എന്നെ ചന്തയിൽ കൊണ്ടുവെച്ചു. ഓ ചന്ത ഒരു വല്ലാത്ത സ്ഥലം തന്നെ. ഞാൻ എന്റെ സൗരഭേദ രൂപത്തിലാണ് കിടക്കുന്നത് പച്ചക്കറികൾ, ധാന്യങ്ങൾ, മത്സ്യം, മാംസം അവരെല്ലാം സൂര്യനിൽ നിന്ന് പോന്നവരാണ്. ഭക്ഷ്യേതര വിഷയങ്ങൾ എണ്ണത്തിൽ ഒതുങ്ങാത്ത എത്രമാത്രം ഊർജ്ജനിർമാണം ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത് ആളുകൾ നടക്കുന്നു ഓടുന്നു വിലപേശുന്നു.

എല്ലാ സൂര്യൻ ഇല്ലെങ്കിൽ ഒന്നുമില്ലെന്ന് ഞാൻ തീർത്തു പറയും ഞാനിപ്പോൾ ഒരു വീട്ടമ്മയുടെ സഞ്ചിക്കുള്ളിലാണ്.എന്ത് സ്നേഹവതിയാണ് ആ അമ്മ എന്നെ നന്നായി കഴുകി എത്ര നാളായി ഞാനൊന്നു കുളിച്ച് വൃത്തിയായിട്ട്. അന്നേരം ആ അമ്മയുടെ മകൾ എന്നെ കൗതുകത്തോടെ നോക്കി നിൽക്കുന്നുണ്ടായിരുന്നു എന്റെ തലയും വാലും തിന്നാൻ കൊള്ളില്ലെന്നു കണ്ടു അവളുടെ മിന്നു പൂച്ച സ്ഥലം വിട്ടു ഞാൻ മധുരക്കിഴങ്ങ് ആണെന്നും വള്ളിയിലാണ് പിറക്കുന്നത് ഒക്കെ ആ അമ്മ അവളെ പറഞ്ഞു മനസ്സിലാക്കുന്നുണ്ടായിരുന്നു.

ഞാൻ വെന്തു വീർത്തു കനക വർണ്ണത്തിലുള്ള എന്റെ ശരീരത്തിനുള്ളിലേക്ക് വിരൽ താഴ്ത്തി നോക്കി പണ്ട് ഞാൻ ഇലയെ തൊട്ടപ്പോഴത്തെ ഇക്കിളി മാതിരിയായിരുന്നു അവളുടെ സ്പർശം എന്റെ നേരത്തെ പാട മാതിരിയുള്ള പുറന്തോട് മാറ്റി അവൾ അങ്ങനെ ഭക്ഷിച്ചു അങ്ങനെ അവളുടെ അന്നപദത്തിൽ ഞാൻ എത്തി വായിക്കുള്ളിൽ വച്ച് നീ എന്നെ കുഴമ്പാക്കിക . അന്നച്ചം വിഘടിച്ചു ഞാൻ മധുരമുള്ള മാൾട്ടോസ് ആയി അവൾ എന്നെ രുചിയോടെ വിഴുങ്ങി നിന്റെ ചെറുകുടലിൽ വച്ച് ഞാൻ പിന്നെയും വിഘടിച്ചു ഗ്ലൂക്കോസ് ആയി രക്തത്തിലൂടെ അവളുടെ ശരീരത്തിൽ ഞാൻ ഓടി നടക്കാൻ തുടങ്ങിഅങ്ങനെയങ്ങനെ ഗ്ലൂക്കോസ് ആയ ഞാൻ അവളുടെ കണ്ണിലെത്തി. കഥകൾ വായിക്കുമ്പോൾ വായിച്ചു മനസ്സിലാക്കാൻ ആവശ്യമായ ഊർജ്ജം നൽകാൻ ഞാനിതാ പൊട്ടിച്ചിരുന്നു അറിവിന്റെ കാന്തിക പ്രവാഹത്തിലേക്ക് ഞാനിതാ പറയുന്നു എന്റെ സഞ്ചാരം ഒരിക്കലും അവസാനിക്കുന്നില്ല ഞാൻ ഇനിയും പുറത്തുവരും പിന്നെയും സഞ്ചരിക്കും അപ്പോൾ നമുക്ക് വീണ്ടും കാണാം അപ്പോൾ ഞാൻ വേറൊരു രൂപത്തിലും പേരിലും ആയിരിക്കും എന്ന് മാത്രം .



ദേവാങ്കന ജനീഷ്
9H

# പ്രതീക്ഷ

കഴിയുമോ വാനിലേക്ക് ഒന്നു കുതിക്കുവാൻ
ഈ കൂട്ടു വിട്ടൊന്നെൻ പൊത്തിലെത്തുവാൻ
കൂട്ടുകാരോടൊത്തൂന്നു പാറിപ്പറക്കുവാൻ
മഞ്ഞക്കിളിയോട് കിന്നാര മോതുവാൻ
ആ തെങ്ങിലിതെങ്ങിൽ തത്തി കളിക്കുവാൻ
ആലിലതുമ്പതാലോലമാട്ടുവാൻ
അമ്മതൻ ചൂടേറ്റ് ഒന്നുമയങ്ങുവാൻ
മധുരമാർന്ന ഒത്തിരി സ്വപ്നങ്ങൾ കാണുവാൻ
അമ്മതൻ ചുണ്ടിലെ മാമ്പഴം തിന്നുവാൻ
നീലാകാശം അത് ഒന്നൂടെ കാണുവാൻ

ഭയമാണ് ഉള്ളിൽ ഭയമെപ്പോഴും
ഇനിയുള്ള കാല മീ കൂട്ടിലായിടുമോ
സാധ്യമില്ലേ ഇവിടെ എൻ ചെറുകിടത്തുവാൻ
സാധ്യമോ ഇരുളിന്റെ വാതിൽ തുറക്കുവാൻ

# ശാസ്ത്രം ഇന്ത്യയിൽ

അപരിചിതമായ പലതും നമുക്ക് മനസ്സിലാക്കി തരികയും നമ്മുടെ ജീവിതത്തിൽ ഉപയോഗപ്രദമായ പല ഉപകരണങ്ങളും മറ്റു വസ്തുക്കളും നമുക്ക് പരിചയപ്പെടുത്തി. ശാസ്ത്രം നിരീക്ഷണ ബോധവും അതുവഴി ഉചിതമായ ശാസ്ത്രീയമായ നിഗമനത്തിൽ എത്താൻ കഴിയുക എന്നതാണ് ശാസ്ത്രത്തിന്റെ അടിസ്ഥാന തത്വം.

USA, UK, ചൈന തുടങ്ങിയ സാമ്പത്തിക ശക്തികൾ എല്ലാം ശാസ്ത്രരംഗത്ത് അരങ്ങു വാഴുകയാണ്. ഇന്ത്യ ഒരു വലിയ സാമ്പത്തിക രാജ്യമല്ല എന്നതുകൂടി കണക്കിലെടുത്താവും ഈ തിരച്ചിൽ സി വി രാമൻ, ജെസി ബോസ്, ശ്രീനിവാസ രാമാനുജൻ തുടങ്ങിയ പ്രമുഖ ശാസ്ത്രജ്ഞരെ സംഭാവന ചെയ്തത് ഇന്ത്യയാണ് എന്തിനേറെ പറയുന്ന സ്മാർട്ട്ഫോൺ എന്ന വിപ്ലവകരമായ ഉപകരണം കണ്ടുപിടിച്ച സ്റ്റീഫ് ജോസിനെ വരെ പ്രചോദിപ്പിച്ച ഇന്ത്യ എങ്ങനെയാണ് ശാസ്ത്രരംഗത്ത് മോശമാകുന്നത് .

## ഇന്ത്യൻ ശാസ്ത്രജ്ഞരും സുപ്രധാന നേട്ടങ്ങളും

രാമാനുജന്റെ ആദ്യത്തെ പ്രമുഖ ഗണിതശാസ്ത്ര ലേഖനം 1911 ഡിസംബറിലെ ജേർണൽ ഓഫ് ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റിയിൽ ആണ് പ്രത്യക്ഷപ്പെട്ടത്. ശുദ്ധ ഗണിതത്തിലെ അമൂല്യ പ്രതിഭകളിൽ ഒരാളായിരുന്നു രാമാനുജൻ. പ്രധാന താല്പര്യം സംഖ്യാശാസ്ത്രത്തിൽ ആയിരുന്നു നൂറ്റാണ്ടുകളായി ഗണിത ശാസ്ത്രജ്ഞൻമാർക്ക് അജ്ഞാതമായി തുടർന്നിരുന്ന ചില പൊതു നിയമങ്ങളാണ് രാമാനുജൻ തന്റെ ഗവേഷണങ്ങളിലൂടെ ആവിഷ്കരിച്ചത് അവയിൽ പലതും പിൽക്കാലത്ത് സങ്കീർണമായ സാങ്കേതിക രംഗങ്ങളിൽ പ്രയോജനപ്രദമായി ഭവിച്ചു.

ബോസിന്റെ മഹത്തായ കണ്ടുപിടിത്തം നടത്തിയത് 1923 ലാണ്. കണങ്ങളുടെ ഊർജ്ജാവസ്ഥയെ കുറിച്ചുള്ള ഒരു പഠനമായിരുന്നു അത്. നവജാതശാസ്ത്രമായ ക്വാണ്ടം ബലതന്ത്രത്തിന്റെ സഹായത്തോടെ ഒരു കൂട്ടം കണങ്ങളുടെ ഊർജ്ജവിതരണം എപ്രകാരമാണെന്ന് വിശദീകരിക്കുന്ന ഒരു സമവാക്യം ബോസ് കണ്ടെത്തി.

മേഘനാഥസാഹ സ്വാതന്ത്ര്യഭാരതത്തിന്റെ ശാസ്ത്ര സാങ്കേതിക വളർച്ചയിൽ നിസ്തുലമായ പങ്ക വഹിച്ച ഒരു വ്യക്തിയാണ് പ്രൊഫസർ എം എൻ സാഹ. സൂര്യന്റെയും മറ്റു നക്ഷത്രങ്ങളുടെയും പ്രകാശസ്പെക്ട്രം അപഗ്രഹിച്ചാൽ അവയുടെ താപനില മർദ്ദം വിവിധ മൂലകങ്ങളുടെ അനുപാതം അവയുടെ അയോണീകൃതാവസ്ഥ അവിടെ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഇവയെല്ലാം മനസ്സിലാക്കാം എന്ന് വന്നു താപീയ അയണീകരണത്തിന്റെ സാഹം സൂത്രം ഉപയോഗിച്ച് ആർ എച്ച് ഫൗളർ, മിൽത്തെ തുടങ്ങിയ ജ്യോതിശാസ്ത്രജ്ഞർ അതേവരെ വിശദീകരിക്കാൻ കഴിയാതിരുന്ന പല നിരീക്ഷണങ്ങൾക്കും വിശദീകരണം കണ്ടെത്തി രാമൻ പ്രഭാവത്തിൽ വിത്തു മുളക്കുന്നത് ഈ ഗവേഷണം വഴിയാണ്. ഇതാണ് രാമൻ പ്രഭാവം.

ഗായത്രി കെ പി
8 A

# അതിർത്തിയുടെ സ്മൃതികൾ

ആദി രാവിന്റെ അനാദി പ്രകൃതിയിൽ
ആരംഭമിട്ടൊര സംസ്കൃത ചിന്തയിൽ
അതിരില്ലാതെ അഴിഞ്ഞാടി മാനവർ
തൻ കരങ്ങളാലും മനസ്സാലും ആത്മാവാലും
പിറന്ന അതിർത്തി നീ
സുരചക്രത്തിൽ ലോകമാം കാലകഞ്ചുകമാർന്ന
വസുദേവ കുടുംബമേ ഞാൻ ഓർക്കുന്നു
അനാദിനങ്ങൾ അടിവരയിടുന്ന
ഞാനും എന്റെ സഹോദരങ്ങളും
എൻ മാതാപിതാക്കളും ഒരുമിച്ച
തരംഗമാർന്ന ജീവിച്ചിരി ആ ഗൃഹത്തിൽ
പിഞ്ചു മണ്ണിൽ സ്നേഹമാലഭിച്ച നാൾ
ഇന്നാ ഭ്രമി ആ നാലു കിടാങ്ങളും മതികൾ ഘടിപ്പിച്ച
കല്ലുകൾ ഇഷ്ടിക കൂട്ടങ്ങൾ സിമന്റാം അവരണ
മാം ദ്രവ്യത്തിൽ ചാലിച്ച് മനോഹര വർണ്ണങ്ങൾ
ചിത്രങ്ങൾ പൂശിയും അതിർത്തികൾ
തീർത്തും അകലങ്ങൾ സൃഷ്ടിച്ച
ആ നാൾ എൻ സഖി പറഞ്ഞ കാര്യവും
ഞാൻ ഇന്നും ഓർക്കുന്നു
ഇനിയില്ല അടുപ്പില്ല ഞാനും കിടാങ്ങളും
നീയും കാലങ്ങളും ഈ പാർപ്പും
ഇതാണീ ജീവിതം ഇനിയാണ് ജീവിതം
അടുപ്പമില്ല ഇനി അകലങ്ങൾ മാത്രം
ധനുമാസ രാവിൻ കുളിർമൂട്ടും കാലത്തിൽ
ഞാൻ എൻ കാവലാൾ ഭാരതാംബയാം
പോറ്റമ്മ മാടി വിളിച്ച നാൾ
കരങ്ങൾ ഉറച്ചും കാലുറച്ചും മനസ്സാൻ
അനിഷ്ടങ്ങളിൽ മാത്രം മഞ്ഞു
കണിക കൂട്ടത്തിൽ സഞ്ചരിച്ച ചഞ്ചലമാം
മനസ്സോടെ കാവലാളായി ഹിമമൂകത്തിൽ
രാജസന്നിഭങ്ങൾ വിരസമാറുന്ന
അനാരമത്തിൽ
രാജ്യങ്ങൾ ഇരുഭാഗ്മാം മുകത്തിൽ
കരയാനോ കുരയ്ക്കാനാകാത്ത വിധം
ഒരു ശ്വനകനെ പോലെ കാവൽ നിന്നു
വിശ്വമാം അദ്ധ്വാന കാലകഞ്ചുകത്തിൽ
ദിഷ്ടാമീ വടുവിയെന്ന പോലെ
ഇഷ്ടമോടെ വിദ്യാലയ സമാകുലത്തിൽ
തൻ പൊന്നമ്മയോടൊപ്പം വിദ്യാഭ്യസിക്കാൻ
പോയ നേരവും ഇരുകൈപിടിച്ചും
വലിച്ചും കളിച്ചും കൊതിയോടെ
ഞാൻ കളിച്ച കാലം എൻ
സഹപാഠികളോടൊപ്പം
കളിച്ചകാലം ഇനം സൗഹൃദം കോലമില്ല
കോലമായി തകർന്നു തരിപ്പ തരിപ്പിടമായി
അതും ഞാൻ അതിർത്തികെട്ടി
എനിക്കും എന്നോട് തന്നെ ഞാൻ
അതിർത്തികെട്ടി
എല്ലാത്തിനോടും അതിർത്തികെട്ടി
മനസ്സാലെയല്ലടോ മാനവാ
ജഡമാം ശരീരത്തിൽ നിന്നു മാത്രം
ജഡമാം ശരീരത്തിൽ നിന്നു മാത്രം.....

ഗാഥാ രാജീവ്
10 E



# പ്രളയം

കേരളം അനുഭവിച്ചതിൽ വെച്ച് ഏറ്റവും ക്രൂരമായ പ്രളയം ആയിരുന്നു 2018ലെയും 2019ലെയും. പ്രളയം ഒരുപാട് ജീവനു ഭീഷണിയായ ഈ പ്രളയം ഒരുപാട് വീടുകളും വാഹനങ്ങളും എല്ലാം തകർത്തു. കേരളം ഒന്നടങ്കം ഉറ്റുനോക്കിയ ആ നാളുകൾ ഒരിക്കലും മറക്കാൻ കഴിയില്ല.

മനുഷ്യന്മാരുടെ താളം തെറ്റിയ നടത്തവും പ്രവർത്തിയും കൊണ്ട് ഒരുപാട് മാറ്റങ്ങൾ ഭൂമിക്ക് ഉണ്ടായിട്ടുണ്ട്. അതിലെ ഒന്നാണ് കാലാവസ്ഥ വ്യതിയാനം കാരണമാണ് ശക്തമായ മഴയും ഉരുൾപൊട്ടലും എല്ലാം ഉണ്ടായത് എന്ന് ചിലർ വാദിക്കുന്നു. മനുഷ്യന്മാർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ പ്രകൃതി നമുക്ക് പ്രളയമായി തിരിച്ചു തന്നു. ഒരുപാട് പേരുടെ ജീവനെടുക്കാൻ ദിവസങ്ങൾ വേണ്ടിവന്നില്ല.

എങ്കിലും പ്രളയത്തിലൂടെ കേരളീയരുടെ ഒരുമയും ഐക്യവും മതസഹാർദവും കരുണയും പരസ്പര സഹായവും ഈ പ്രളയത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പുഴകളെയും വനങ്ങളെയും സംരക്ഷിക്കാൻ നാം പഠിക്കണം പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും ഈ പ്രളയം ഒരു നിമിത്തമായി.

നൈസ ബീവി
9 L





# പിറവി

ഇനി എനിയ്ക്കൊന്നു പിറക്കണം
അമ്മയ്ക്കു പേറ്റുനോവിൻ സുഖം നൽകണം
ദിഗന്തം നടുങ്ങുമാറുച്ചത്തിൽ കരയണം
അമ്മിഞ്ഞപ്പാലുണ്ടു വളരണം
 മാനത്തു നോക്കി മലർന്നു കിടക്കണം
പിന്നെ കമഴ്ന്നു വീ ണി ടേണം
മുട്ടുകാലിഴയണം പിച്ചവച്ചീടണം
മുറ്റത്തെ നൈശ്വര്യം ചാർത്തിടേണം
അക്ഷര ദേവത എന്നും വിളങ്ങുവാൻ
നാവിലാദ്യാക്ഷരമെഴുതിടേണം
പാട വരമ്പത്തുടോടിക്കളിക്കണം
പാറക്കുളത്തിൽ കുളിച്ചിടേണം
അമ്മ തൻ കൈപിടിച്ചമ്പലം ചുറ്റണം
നല്ലതു ചൊല്ലു വാൻ ശക്തിയുണ്ടാവണം
ആരോടും കൂട്ടുകൂടിടുമാ ബാല്യത്തിൽ
ആർപ്പുവിളികൾ മുഴക്കിടേണം
കാൺമതും കേൾപ്പതും
സത്യമെന്നോർക്കുന്ന
കാലുഷ്യമില്ലാത്ത
കൗമാരത്തിൽ
സ്വപ്നംതളിരിടും കൺകളുമായ്
പിന്നെ സ്വപ്നലോകം ചുറ്റി വന്നിടേണം
താൻ കണ്ട സ്വപ്നങ്ങൾ
കേവലം സ്വപ്നമെന്നറിയുന്ന
നിറവാർന്നയൗവനത്തിൽ
കൂട്ടാളിയെത്തൻെറ
കൂട്ടത്തിൽ കൂട്ടണം

 ജീവിതംസ്വച്ഛന്ദം നീക്കിടേണം പിന്നെ
രണ്ടു പേർ മൂന്നു പേർ നാലാവണം
കൈവളരുന്നതും കാൽവളരുന്നതും
കണ്ണിന്നു പീയൂഷമായിടേണം തൻെറ
ചുമലുകൾ താങ്ങു കല്ലായിടേണം
പതിയെ ജരാനര ബാധിച്ച് വാർധക്യം
കാർക്കശ്യമാർന്നൊരാ
കാലമെത്തുന്നേരം ചൊല്ലുന്ന വാക്കുകൾ
അപ്രിയമായ്ത്തീരും ജീവിതാസക്തിയോ
പോയ്മറയും പിന്നെ പ്രാപഞ്ചിക
സത്യമോർത്തെടുക്കും
ഒടുവിലെൻശ്വാസമടങ്ങുന്ന നാൾ വരും
സന്തോഷ ചിത്തനായ് യാത്രയാവും
പിൻവിളിയാരും വിളിക്കില്ല നിശ്ചയം
പരമമാം സത്യം അറിഞ്ഞിടുന്നോർ
പിറവിയുണ്ടെന്നാകിൽ മരണവും
നിശ്ചയമെന്നുള്ള
സത്യമറിഞ്ഞിടുന്നോർ.


മനോജ് മനസ്മൃതി
മലയാളം ഹയർ സെക്കണ്ടറി
അധ്യാപകൻ

# പ്രകൃതിയിലെ ഗണിതം

ജനസംഖ്യ വർദ്ധനയ്ക്ക് പിന്നിൽ ഒരു ഗണിത തത്വമുണ്ട്. പ്രകൃതിയുടെ ഗണിതം മുയലുകൾ പെറ്റു പെരുകുന്ന ഒരു സാങ്കല്പിക പ്രതിഭാസത്തെ അടിസ്ഥാനമാക്കി പ്രസിദ്ധ ഗണിതശാസ്ത്രജ്ഞൻ ഫിബിനോച്ചി നടത്തിയ പഠനം ശ്രദ്ധേയമാണ്.

പ്രകൃതിയിലെ ഗണിത തത്വങ്ങൾ താഴെപ്പറയുന്ന രീതിയിലാണ് പ്രകടമാവുന്നത്

*കനകാനുപാതം
*വക്രങ്ങൾ, സർപ്പിളങ്ങൾ
*കാലാവസ്ഥ
*ജീവഘടികാരം
*തേനറ
*ഋതുക്കൾ
*ഞാറ്റുവേല
*വേലിയേറ്റം
*വേലിയിറക്കം
*ഗ്രഹണങ്ങൾ
*ജ്യോതിർ ഗോളങ്ങളുടെ സഞ്ചാരം



ഫിബിനോച്ചി എന്ന ഗണിതശാസ്ത്രജ്ഞൻ മുയലുകൾ പെറ്റു പെരുകുന്ന സാങ്കൽപ്പിക പ്രതിഭാസത്തെ അടിസ്ഥാനമാക്കി രൂപീകരിച്ച സംഖ്യാ ശ്രേണി 0,1,1,2,3,5,8,13,21,.............. ഈ റേഷ്യോ ഒരു നിശ്ചിത അനുവാദത്തിൽ എത്തുന്നതാണ് കനകാനുപാതം

ജ്യോതിർ ഗോളങ്ങൾ സഞ്ചരിക്കുന്നത് നിശ്ചിതപാദങ്ങളിലും നിശ്ചിത സമയക്രമത്തിലും ആണ്. പ്രകൃതിഗണിതം പാലിക്കപ്പെടുന്നത് കൊണ്ടാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും കൃത്യമായി പ്രവചിക്കാൻ സാധിക്കുന്നത് . ഹാലി വാൽനക്ഷത്രം പ്രത്യക്ഷപ്പെടാനിടയുള്ള കാലത്തെയും സമയത്തെയും കണക്കാക്കി പറയുന്നതും പ്രകൃതി കണക്കിൽ പാലിക്കുന്ന കൃത്യത കൊണ്ടു തന്നെ.

ഋതുക്കൾ മാറി വരുന്നത് കാലാവസ്ഥയുടെ മാറ്റത്തിൽ പ്രകൃതി കാണിക്കുന്ന കണക്കാണ്.
ജീവ ഘടികാരത്തിനും ഉണ്ട്. ഈ കൃത്യമായ കണക്കുകൂട്ടൽ നാലുമണി പൂക്കളും നിശാഗന്ധിയും വിരിയുന്നതും കോഴി കൂവുന്നതും ഉദാഹരണങ്ങളാണ്.

തേനീച്ച തേൻ ശേഖരിച്ച് വച്ചിരിക്കുന്ന തേനറ സമഷഡ്ഭുജാകൃതിയിലാണ് തേനീച്ച നൃത്തം ചെയ്യുന്നത് '8' ന്റെ ആകൃതിയിലാണ്.

പാമ്പുകൾ അവയുടെ കുടൽ ചുരുട്ടി വയ്ക്കുന്നത് വക്രത്തോട് കൂടിയ സർപ്പിളങ്ങളിൽ ആണ് ഏറ്റവും സുന്ദരമായ സർപ്പിളമാണ് ലോകരിതമിക സർപ്പിളം.

മഞ്ഞുകാലത്ത് ചിലന്തിവലകളിൽ മഞ്ഞു കണങ്ങൾ വീഴുന്നുണ്ടെങ്കിൽ അവയുടെ ഭാരം നിമിത്തം നൂലിന്റെ മധ്യഭാഗം മാത്രം വളഞ്ഞു തൂങ്ങി നിൽക്കും ചിലന്തി നൂലിന്റെ അപ്പോഴുള്ള ആകൃതിയാണ് കാറ്റിനറി എന്ന വക്രം.



# അതിർത്തികൾ പറയുന്നത്

മട്ടുപ്പാൽ നയിക്കുമീ ജീവിതം ഞാൻ
നോവായി പെയ്യുന്ന തീക്കനൽ നീ
നിന്നിലെ പ്രാണൻ പൊഴിയുന്ന
വേളയിൽ നിൻ ചൂടു രക്തം പൊതിയുന്നു
എത്രയോ വേർപാടിൽ സാക്ഷിയായി ഞാൻ
നോവിൻ കനൽ ഞാൻ ഭക്ഷിക്കവേ
ഇരുപക്ഷ ശത്രുത നോക്കിനിൽക്കെ
നിശ്ചലമായി ഞാൻ നിന്നു പോകത്തിലൊഴുകുന്ന
കടലാഴം പോൽ ഇരു കണ്ണിലും ഒരു പോൽ തീ
പൂവിതൾ പൊഴിയുന്ന പോൽ
ഓരോരോ പ്രാണൻ മറയുന്നത് നിൻ
സ്വത്ത് നഷ്ടമാകുമെന്ന് ഒരു ചിന്തയിൽ
നിന്നെയും മറപ്പു നീ അലയുന്നു ഞാൻ
നിന്നെ തിരയുന്നു ഞാൻ മുറിവേറ്റ മനസ്സാൽ
അലയുന്നു ഞാൻ ആത്മാവായി നീ വന്നിട്ടുക്കിൽ
നിൻ വരവ് ഞാൻ കാത്തിരിപ്പൂ ഈ
കനൽ എന്നെ വരും വെറുപ്പായി തടവിലാക്കി
മട്ടുപ്പാൽ നയിക്കും ഈ ജീവിതം ഞാൻ
നോവായി പെയ്യുന്ന തീക്കനൽ നീ..

ദേവനന്ദ
10 E

# മടക്കയാത്ര

പുറത്ത് നല്ല മഴയാണ്. അമ്മിണിയേടത്തി കട്ടിലിൽ ചുവര്ചാരി ഇരിക്കുകയാണ്. അവരുടെ ദൃഷ്ടി തുറന്ന കിടക്കുന്ന ജനലിലേക്ക് ആണ് കയ്യിലെ തപാൽ അവർ മാറോടണച്ചിട്ടുണ്ട്. സുഖമുള്ള ഓർമ്മകൾ മാത്രം പരതിയെടുക്കുകയാണ് ആ മധ്യവയസ്ക. മക്കളില്ലാത്ത അമ്മിണി ഏടത്തിക്കും രാഘവേട്ടനും അവർ പരസ്പരം ഊന്നുവടികൾ.

25 വർഷമായി രാഘവേട്ടൻ നാട്ടിൽ വന്നിട്ട്. വർഷങ്ങൾക്കുശേഷം ഉള്ള മടക്ക വരവിന്റെ തിളക്കമാണ് കയ്യിലെ തപാലിൽ. പുറത്ത് പെയ്യുന്ന മഴയത്ത് തുറന്നിട്ട ജനാലയിലൂടെ കാണുന്ന ഇരുട്ട് അമ്മിണിയേടത്തിക്ക് മാത്രം വെളിച്ചമാണ് . കല്യാണപ്രായം മുറ്റുന്ന പൂമ്പൊടിയിലേക്ക് , യുവതിയായ അമ്മിണിയിലേക്ക് ഓർമ്മകൾ അവരെ കൈപിടിച്ച് കൊണ്ടുപോവുകയാണ്. പൊടിമീശക്കാരനായ രാഘവൻ തന്നെ വന്നത്, നാട്ടുകാരെയും കൂട്ടുകാരെയും വിളിച്ച് നടത്തിയ താലികെട്ട് , കല്യാണം കഴിച്ച് നാലപ്പാട്ട് തറവാട്ടിലേക്ക് വലതുകാൽ വെച്ച് വന്നത്, കുട്ടികളുണ്ടാവില്ല എന്നറിഞ്ഞിട്ടും പരസ്പരം സ്നേഹത്താൽ ദിവസങ്ങളെ പുൽകിയത് . രക്ഷപ്പെടാൻ നടത്തിയ ബിസിനസിൽ തകർന്ന് പ്രവാസത്തിന്റെ കൈപ്പ് തിരഞ്ഞെടുപ്പ് 25 വർഷങ്ങളായി വേർപാടിന്റെ ചവർപ്പുള്ള ചാറുകുടിച്ച് വറ്റിച്ചത് . എല്ലാം ഒരു തിരശ്ശീലയിലൂടെ അവരുടെ മനസ്സിലേക്ക് കടന്നു വരികയാണ്. അവർ ആ കത്ത് മുറുക്കി പിടിച്ച് തന്റെ കുഞ്ഞിനെ ചേർത്തുവയ്ക്കും പോലെ അവരൊരു നീണ്ട നെടുവീർപ്പിട്ടു . തുറന്ന ജനലിലൂടെ ഒരു ഇളങ്കാറ്റ് കടന്നുവന്നു അത് അമ്മിണിയേടത്തിയുടെ തണുത്ത കവിളുകളിലൂടെ വിരൽ ഓടിച്ചു. അവരുടെ കൺപോളകൾ പരസ്പരം ചുംബിച്ചു. അപ്പോഴും കയ്യിലെ കത്തിൽ അമ്മിണിയേടത്തി മുറുക്കി പിടിക്കുന്നുണ്ടായിരുന്നു.

വൈഗ സുബാഷ്
9 H

# നന്ദി

വിജ്ഞാനം തേടിയുള്ള യാത്ര.....

അന്തമില്ല...... പക്ഷേ

കുറിക്കാൻ ഇതളുകൾ ഇല്ല

ഇനി നന്ദി പറയട്ടെ

ഞങ്ങൾക്ക് പ്രോത്സാഹനം ഏകിയ ഹെഡ്മാസ്റ്റർ
മാർഗ്ഗനിർദേശം തന്ന അധ്യാപകർ പിന്നെ
ഞങ്ങളുടെ സുഹൃത്തുക്കൾ ഏവർക്കും ഹൃദയം നിറഞ്ഞ
നന്ദി..........

നന്ദി...........